# കേര കർഷകർ തെങ്ങുചെത്തി അവകാശ പ്രഖ്യാപനം നടത്തി

**കേരളീയം ന്യൂസ് സർവ്വീസ്**

കൽപ്പറ്റ: ആഗോളവത്ക്കരണത്തിന്റെ ദുരന്തം നേരിട്ടനുഭവിച്ചുതുടങ്ങിയ കേരകർഷകർ തെങ്ങുചെത്തി കള്ളെടുത്ത് അവകാശ പ്രഖ്യാപനം നടത്തി. വയനാട് ജില്ലയിലെ വെള്ളാച്ചിമൂലയിലാണ് ഇതിന് തുടക്കംകുറിച്ചത്. തങ്ങൾ നട്ടുവളർത്തിയ കേരവൃക്ഷത്തിൽനിന്ന് തങ്ങൾതന്നെ കള്ളെടുക്കുമെന്ന് പ്രഖ്യാപിച്ച കർഷകരുടെ മുന്നേറ്റത്തിന് ഫാർമേഴ്സ് റിലീഫ് ഫോറമാണ് സർഗ്ഗാത്മകമായ ഈ പ്രതിരോധത്തിന് നാന്ദി കുറിച്ചിരിക്കുന്നത്.



തെങ്ങ് ചെത്തി കള്ള് വിൽക്കാനുള്ള അധികാരം കർഷകർ ഉപയോഗിക്കുമെന്നും മുന്നറിയിപ്പ് നൽകി. സ്ത്രീകളടക്കം നൂറുകണക്കിനാളുകൾ പങ്കെടുക്കുന്ന ചടങ്ങിലാണ് ഈ അവകാശ പ്രഖ്യാപനം നടത്തിയത്.

കേരോത്പന്നങ്ങളുടെ ഉദ്പാദനത്തിനും വിപണനത്തിനും തെങ്ങുടമകളുടെ സഹകരണസംഘം രൂപവത്ക്കരിക്കുമെന്ന് ഫാർമേഴ്സ് റിലീഫ് ഫോറം ചെയർമാൻ എ. സി. വർക്കി പറഞ്ഞു. ഈ സമരപരിപാടിക്ക് റിലീഫ് ഫോറം സംസ്ഥാനചെയർമാൻ എ. സി. വർക്കി, ഫെർമാർക് സൗത്ത് ഏഷ്യൻ കോർഡിനേറ്റർ ജോസ് സെബാസ്റ്റ്യൻ, ജില്ലാ ചെയർമാൻ കെ. പി. കൃഷ്ണൻ കുട്ടി, കെ. ടി. റോബർട്ട് എന്നിവർ നേതൃത്വം നൽകി. കർഷകരുടെ ഈ സമരക്കൂട്ടായ്മയെ കുറിച്ചറിയാൻ ആഗ്രഹിക്കുന്നവർ എ. സി. വർക്കി, ഫാർമേഴ്സ് റിലീഫ് ഫോറം, നടവയൽ പി. ഒ. വയനാട് എന്ന വിലാസത്തിൽ ബന്ധപ്പെടുക.